ESTD. 1854

For Private Circulation
Volume 14 Issue 2
MAY 2022

# CSI St. PAUL'S CHURCH

## KUNNAMKULAM

(Out Stations : Talikulam & Kattakampal)

www.stpaulscsikunnamkulam.in



# സണ്ടേസ്കൂൾ വിദ്യാർത്ഥികൾക്ക് ആദരം

**Motto : "എഴുന്നേറ്റ് പ്രകാശിക്ക; നിന്റെ പ്രകാശം വന്നിരിക്കുന്നു; യഹോവയുടെ തേജസ്സം നിന്റെ മേൽ ഉദിച്ചിരിക്കുന്നു."**
**യെശയ്യാവ് 60:1**

പ്രിയ ദൈവജനമേ, മനുഷ്യ കൂട്ടായ്മകളിൽ സ്വയം വെളിപ്പെടുത്തുന്ന യേശുക്രിസ്തുവിന്റെ ധന്യ നാമത്തിൽ സ്നേഹ വന്ദനം.

പലപ്പോഴും ആളുകൾ ചോദിക്കുന്ന ഒരു ചോദ്യമാണ് ഒറ്റയ്ക്കുള്ള പ്രാർത്ഥനയും ആരാധനയും ദൈവത്തിന് സ്വീകാര്യമല്ലേ?. പിന്നെ എന്തിന് ദൈവാലയ ആരാധനകളിലും കൂട്ടായ്മകളിലും പങ്കെടുക്കണം? ഒറ്റയ്ക്കുള്ള പ്രാർത്ഥനയും ആരാധനയും സ്തുതിയും ദൈവത്തിന് സ്വീകാര്യം തന്നെയാണ്. എന്നാൽ ദൈവം ആഗ്രഹിക്കുന്നത് കൂട്ടായ്മയാണ്, ദൈവവും മനുഷ്യനും, മനുഷ്യനും മനുഷ്യനും ആയുള്ള സഹവാസം; കൂട്ടായ്മ ദൈവം ആഗ്രഹിക്കുന്നു ഇഷ്ടപ്പെടുന്നു. ഉയർത്തെഴുന്നേറ്റ യേശു തന്റെ സ്വയം വെളിപ്പെടുത്തലുകൾ നടത്തിയ ഭൂരിഭാഗം സന്ദർഭങ്ങളും കൂട്ടായ്മകളുടെ പശ്ചാത്തലത്തിലാണ് എന്ന് സുവിശേഷങ്ങൾ വ്യക്തമാക്കുന്നു.

ലോക രക്ഷകനായ യേശുക്രിസ്തുവിന്റെ മരണ പുനരുദ്ധാനങ്ങളെ അനുസ്മരിച്ച ദിനങ്ങളാണ് ഇക്കഴിഞ്ഞ മാസം നമുക്ക് നൽകിയത്. ഭരണ മത സംവിധാനങ്ങളുടെ വിശ്വാസത്തെ തകർത്തുകൊണ്ട് യേശു ഉയർത്തെഴുന്നേറ്റു. "യേശു താനും അടുത്ത് ചെന്ന് അവരോട് ചേർന്നു നടന്നു." ലൂക്കോസ് 24:15. ഒരു മനുഷ്യനെ സംബന്ധിച്ച് യേശുവിന്റെ ഉയർപ്പ് ആണ് ഏറ്റവും പ്രാധാന്യം നൽകുന്ന കാര്യം. ഉയിർത്തെഴുന്നേറ്റ യേശു ജനങ്ങൾ കൂട്ടംചേർന്ന ഇടങ്ങൾ പ്രത്യക്ഷതയ്ക്കായി തെരഞ്ഞെടുത്തു.

ലൂക്കോസ് സുവിശേഷം ഇരുപത്തി നാലാം അധ്യായം പതിമൂന്നു മുതൽ പതിനാറു വരെയുള്ള വാക്യങ്ങൾ ഉയിർത്തെഴുന്നേറ്റ യേശു ശിഷ്യർക്ക് നൽകിയ സ്വയ വെളിപ്പെടുത്തലിനെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു. ഉയർത്തെഴുന്നേറ്റ യേശു താൽപര്യം പ്രകടിപ്പിച്ചത് കൂട്ടായ്മകളിൽ ആണ്. യേശു കൂട്ടായ്മകളോട് ചേർന്നു നടന്നു, കൂട്ടായ്മകളുടെ ഭാഗമായി ഇരിക്കുന്ന ജനത്തോട് യേശു ചേർന്നു


| The Rev. Shibumon C K | Eva. K. J. Johnson | Mr. Abraham Lincoln | Mr. Saji Joseph |
|---|---|---|---|
| Vicar & Chairman | Church Worker | Hon. Secretary | Hon. Treasurer |
| Mob: 9744077022 | Mob: 9847804326 | Mob: 9847099899 | Mob: 7592026272 |

നിന്നു. കൂട്ടായ്മകളിൽ ചേർന്നു നടക്കണമെങ്കിൽ യാത്രക്കാരുടെ യാത്രാ വേഗം ഏറെക്കുറെ തുല്യമായിരിക്കണം വേഗം കുറഞ്ഞ യാൾ വേഗം കൂട്ടണം വേഗം കൂടിയ ആൾ വേഗം കുറയ്ക്കണം ഇവിടെ വിട്ടു കൊടുക്കലും, സ്വീകരണവും എല്ലാം വളരെ അത്യാവശ്യമാണ്. പാപത്തിന്റെയും വേദനയുടെയും പുറത്തേക്കൊഴുകലുകളും സമാധാനത്തിന്റെയും ശാന്തതയുടെയും സ്വീകരണവും ആഗമനവും ദൈവിക ആരാധനകളിലും കൂട്ടായ്മകളിലും അനുഭവിക്കുവാൻ കഴിയും. കൂട്ടായ്മകൾ ദൈവം നമ്മോട് ചേർന്ന് നടക്കുന്ന ഇടങ്ങളാണ്.

യെരുശലേമിൽ നിന്നും പത്ത് കിലോമീറ്റർ അകലെയുള്ള സ്ഥലമാണ് എമ്മവുസ്സ്. എമ്മവുസ്സിലേക്കുള്ള യാത്രയിൽ യേശു തന്റെ ശിഷ്യരോട് ചേർന്നു നടക്കുന്നു. അവർ സംസാരിക്കുന്നത് ശ്രദ്ധയോടെ കേൾക്കുന്നു. യേശുവിനെക്കുറിച്ച് അവർ മനസ്സിലാക്കിയിരുന്നതും കേട്ട് അറിഞ്ഞതുമായ കാര്യങ്ങൾ യേശു അവരിൽ നിന്നും ശ്രദ്ധയോടെ കേട്ടു. ഇവിടെ അറിവിന്റെ പങ്കുവെക്കൽ, വിതരണം ആണ് നടക്കുന്നത്. കൂട്ടായ്മകളിൽ ആണ് അറിവിന്റെയും അനുഗ്രഹത്തിന്റെയും വിഭവങ്ങളുടെയും പങ്കുവെക്കലുകൾ, വിതരണങ്ങൾ നടക്കുന്നത്. യേശു ആഗ്രഹിക്കുന്നതും ഇത് തന്നെയാണ്. അതുകൊണ്ട് തന്നെ യേശു കൂട്ടായ്മകളെ സ്നേഹിക്കുന്നു, കൂട്ടായ്മകളിൽ തന്നെ തന്നെ വെളിപ്പെടുത്തുന്നു.

യാത്രയിൽ ആയിരുന്ന ശിഷ്യരോട് യേശു'ക്രിസ്തു'വിനെ സംബന്ധിച്ച എല്ലാ കാര്യങ്ങളും പ്രവാചകന്മാരിൽ നിന്നും തിരുവെഴുത്തുകളിൽ നിന്നും അവർക്ക് വിവരിച്ചു നൽകി. കൂട്ടായ്മകൾ തിരുവചന സത്യങ്ങളെ ആഴത്തിൽ പഠിക്കുന്നതിനും മനസ്സിലാക്കുന്നതിനുമുള്ള നല്ല അവസരമാണ്. പൗലോസിന്റെ വാക്കുകളിൽ പ്രബോധനത്തിനും ആത്മീക വർധനയ്ക്കും കൂട്ടായ്മകൾ പ്രയോജനകരമാണ്. കൂട്ടായ്മകളിലും ദൈവാലയ ആരാധനകളിലും കുടുംബമായി പങ്കെടുക്കുവാൻ നമുക്ക് കഴിയണം. തലമുറകൾ ദൈവവചനം പഠിക്കുന്നതിനും ആഴത്തിൽ മനസ്സിലാക്കുന്നതിനും ഇത് സഹായകരമാണ്.

കോവിഡിന്റെ പ്രതിസന്ധി കാലഘട്ടത്തിൽ നിന്നും വിമുക്തി പ്രാപിച്ചു കൊണ്ടിരിക്കുന്ന ദൈവമക്കൾ ദൈവാലയ ആരാധനകളിൽ താൽപര്യത്തോടെ വന്നു പങ്കെടുക്കുന്നത് സന്തോഷകര

മാണ്. ദൈവാലയ ആരാധനകളും കൂട്ടായ്മകളും ദൈവം തന്റെ മക്കളോട് ചേർന്ന് നടക്കുവാൻ ആഗ്രഹിക്കുന്ന ഇടങ്ങളാണ് , ദൈവം നമ്മിൽ നിന്നും കേൾക്കുവാൻ ആഗ്രഹിക്കുന്ന ഇടങ്ങളാണ്, നമുക്ക് ദൈവത്തിൽനിന്നും മനസ്സിലാക്കുവാനുള്ള ഇടങ്ങളാണ്. ഈ നാളുകളിൽ ദൈവാലയ ആരാധനകളിലും കൂട്ടായ്മകളിലും നമ്മുടെ സാന്നിധ്യം ഉറപ്പാക്കാം അതിനായി ദൈവം തന്റെ പരിശുദ്ധാത്മാവിനാൽ എല്ലാവരെയും സഹായിക്കട്ടെ എന്ന് ആശംസിക്കുന്നു പ്രാർത്ഥിക്കുന്നു.

ക്രിസ്തുവിൽ നിങ്ങളുടെ ശുശ്രൂഷകൻ

**റവ. ഷിബുമോൻ സി. കെ.**

---

# *Wedding Anniversary in MAY*

വിവാഹ വാർഷിക മംഗളങ്ങൾ...

| | | |
|---|---|---|
| 02.05.2022 | Mr. | തോമസ് കെ.എം. ചാവക്കാട് & Mrs. സ്മിത |
| 02.05.2022 | Mr. | പോൾ പ്രഭാകർ, എഴുത്തുപുരയ്ക്കൽ & Mrs. അച്ചാമ്മ |
| 02.05.2022 | റവ. | പി.ജി. തോംസൺ, പ്ലാച്ചേരിൽ & Mrs. ജെസ്സി |
| 03.05.2022 | Mr. | ജോജു കുന്നത്ത് & Mrs. ലിസി |
| 04.05.2022 | Mr. | രഞ്ചിത്ത് ഡാനിയേൽ, വടക്കൂട്ട് & Mrs. ജസ്‌ലിൻ |
| 04.05.2022 | Mr. | സാഗിൻ ജോയി & Mrs. മീര മോഹൻ അയിനിക്കൽ |
| 04.05.2022 | Mr. | പ്രവീൺ പോൾ, കളത്തിൽ & Mrs. വിപുല |
| 06.05.2022 | Mr. | ജഡ്സൺ, വലിയപ്പറമ്പിൽ & Mrs. സിമിലി |
| 08.05.2022 | Mr. | സാബു പുലിക്കോട്ടിൽ & Mrs. ദീപ |
| 09.05.2022 | Mr. | ഡേവീസ്, കൊട്ടിലിങ്ങൽ & Mrs. ഗ്രേസി |
| 10.05.2022 | Mr. | വിനു ജോർജ്ജ്, പറപ്പൂർ & Mrs. സിമി |
| 15.05.2022 | Mr. | ഷിജു വർഗ്ഗീസ് & Mrs. ഷിംന |
| 17.05.2022 | Mr. | സുനിൽ ലൂക്ക്, മൂലയിൽ & Mrs. ശോഭ |
| 18.05.2022 | Mr. | ചാക്കോ എബ്രഹാം കുന്നത്തുപറമ്പൻ & Mrs. ഡോളി |
| 18.05.2022 | Mr. | ജോബ്സൺ എബ്രഹാം കുന്നത്തുപറമ്പൻ & Mrs. സിമി |
| 24.05.2022 | Mr. | തോമസ് ചാക്കോ, മണ്ടുംപാൽ & Mrs. ബിന്ദു |
| 24.05.2022 | Mr. | ഹാരി ഡാനിയേൽ & Mrs. ജോയ്സി |
| 25.05.2022 | Mr. | തോമസ് കാക്കശ്ശേരി & Mrs. ലില്ലി |
| 25.05.2022 | Mr. | റെയ്സ് സ്റ്റാൻലി & Mrs. എല്ഗ കെ. എസ്. വടാശ്ശേരി |
| 27.05.2022 | Mr. | സൈമൺ അന്തിക്കാട് & Mrs. ഷീബ |
| 27.05.2022 | Mr. | സച്ചിൽ ബെൻ വെട്ടത്ത് & Mrs. അലിസ്റ്റ ആന്റണി, വെട്ടത്ത് |
| 29.05.2022 | Mr. | സ്റ്റാൻലി ജോസഫ്, വടാശ്ശേരി & Mrs. മിനി |
| 31.05.2022 | Mr. | ജോൺ വടാശ്ശേരി & Mrs. ജെസ്സി |

# Birthday in MAY

| Date | | Name |
|---|---|---|
| 02 | - | റിച്ചാർഡ് ജോൺ റെജി മൂളിപ്പറമ്പിൽ |
| 05 | - | മേരി മഞ്ചിമ വടാശ്ശേരി |
| 05 | - | ജിബിൻ എ. ബി. |
| 05 | - | സുജ ലിവിംഗ്സ്റ്റൺ |
| 05 | - | മേരി വില്ലി ചീരൻ |
| 05 | - | ടെസി ബോബൻ, പള്ളിപ്പറമ്പൻ |
| 07 | - | ജുബിൻ ജെയ്മി ചുങ്കത്ത് |
| 07 | - | ഷോൺ ജി. സുനോജ്, പറപ്പൂർ |
| 08 | - | നിഷ ജോർജ്ജ്, കല്ലുങ്ങൽ |
| 10 | - | കേണൽ ജോർജ്ജ് തോമസ്, പുത്തൻ വീട്ടിൽ |
| 12 | - | ചാക്കോ എബ്രഹാം, കുന്നത്തുപറമ്പൻ |
| 12 | - | ലില്ലി ജോർജ്ജ് പറപ്പൂർ |
| 12 | - | യീഗർ സാഗിൻ, അയിനിക്കൽ |
| 13 | - | മേരി റോയ്, എരവിമംഗലം |
| 14 | - | ഷിബിൻ തമ്പി, കളത്തിൽ |
| 17 | - | ഇ.എൽ. ബാബുപോൾ, എഴുത്തുപുരയ്ക്കൽ |
| 17 | - | റെയ്സ് സ്റ്റാൻലി, വടാശ്ശേരി |
| 17 | - | ഷൈനി അനിൽകുമാർ |
| 18 | - | മാർത്താ ലേവി, ചോഴിയാറ്റിൽ |
| 19 | - | ബാബു കുളങ്ങര |
| 20 | - | റോബർട്ട് ജേക്കബ്ബ് എടപ്പുള്ളി |
| 20 | - | നിഷ വർഗ്ഗീസ് മുല്ലത്തറ |
| 21 | - | ഈതൻ തോമസ് വടക്കൂട്ട് |
| 22 | - | തങ്കമ്മ ഐപ്പ്, പാറക്കൽ |
| 23 | - | ലൂസിയ ജോസ്, പയ്യൂർ |
| 23 | - | വീനസ് ഡേവിസ് |
| 23 | - | ആൽവിൻ ജോ മാത്യു, പനമ്പിള്ളിൽ |
| 24 | - | സുമ സുനോജ്, പറപ്പൂർ |
| 25 | - | സരിത സാജൻ, എഴുത്തുപുരയ്ക്കൽ |
| 25 | - | തോമസ്പോൾ, ചോഴിയാറ്റിൽ |
| 27 | - | ബിജു ജോൺസൻ |
| 27 | - | ജോളി ജോഷി കിടങ്ങൻ |
| 28 | - | ആൻലിൻ മരിയ സൈസൻ |
| 29 | - | ജിതിൻ ജെയ്സൻ |
| 29 | - | സിമിലി ജഡ്സൺ |
| 29 | - | ആശിഷാ ഗ്രേസ് ഷിബു, പാഴ്സനേജ്, കുന്നംകുളം |
| 30 | - | ലിസി എബി, എളച്ചാട്ടിൽ |
| 30 | - | ബിന്ദു ജെയ്മി, ചുങ്കത്ത് |



ജന്മദിനാശംസകൾ...

# വാർത്തകളും കുറിപ്പുകളും

## ഇടവക കൺവെൻഷൻ

കൊറോണ കാലഘട്ടത്തിൽ മുടങ്ങിപോയിരുന്ന ഇടവക വാർഷിക കൺവെൻഷൻ പുനരാരംഭിക്കുവാൻ കഴിഞ്ഞു. അർത്ഥവത്തായ സന്ദേശങ്ങൾ നൽകിയ റവ. ജോസഫ് സാമുവേൽ യു.റ്റി.സി., ജി. ബാബുരാജൻ കോഴിക്കോട് എന്നിവരോട് നന്ദി രേഖപ്പെടുന്നു. കൺവെൻഷൻ ശുശ്രൂഷകളിൽ വന്ന് സംബന്ധിക്കുകയും സാമ്പത്തിക സഹായങ്ങൾ നൽകി സഹകരിച്ചവരേയും നന്ദിയോടെ ഓർക്കുന്നു. ഏപ്രിൽ മാസം ദശാംശദാനമായും, പ്രത്യേക സംഭാവനയായും നൽകിയ തുകകൾ പ്രസ്തുത ആവശ്യത്തിലേക്ക് വിനിയോഗിച്ചു.

## നോമ്പുകാല സ്വയംവർജന സാധുസഹായം

നോമ്പുകാല സ്വയവർജനത്തിന്റെ ഭാഗമായി സഭാംഗങ്ങൾ നീക്കിവച്ച സാമ്പത്തിക വിഭവങ്ങൾ സമാഹരിച്ച് ഈസ്റ്ററിന് മുൻപു തന്നെ വിതരണം ചെയ്യുവാൻ കഴിഞ്ഞു. സംഭാംഗങ്ങളായ 10 പേർക്കും, കേച്ചേരി സ്നേഹാലയം അന്തേവാസികൾക്കായും പ്രസ്തുത സാമ്പത്തികം നൽകി.

## ഹരിത പദ്ധതി

ഇടവക ദൈവാലയത്തിന്റെ പൈതൃക ഭൂമി കാട് തെളിച്ചും തണൽ ക്രമീകരിച്ചും ഫലവൃക്ഷ തൈകൾ നട്ടുപരിപാലിക്കുന്നതിനായി ഏവരുടേയും സഹകരണം ആവശ്യപ്പെട്ടിരുന്നു. പ്രാഥമികമായി പള്ളിയിലേക്ക് വരുന്ന റോഡിന്റെ ഇടതുഭാഗം സെമിത്തേരി അതിർ വരെ ഉള്ള ഭൂമി ഇതിനായി വിനിയോഗിക്കാം. ജന്മദിനം, വിവാഹ വാർഷികം, സ്നാനം, വിവാഹം, ജോലി പ്രവേശനം, ഉദ്യോഗ കയറ്റം പ്രിയപ്പെട്ടവരുടെ ഓർമ്മ തുടങ്ങി വ്യത്യസ്ത സാഹചര്യങ്ങളുടെ ഓർമ നിലനിർത്തുന്നതിനായി ഈ പ്രത്യേകപദ്ധതിയിൽ പങ്കാളികളാകുവാൻ കഴിയും. ചെടികൾ നട്ടുപിടിപ്പിക്കുന്നതിനായി വേണ്ടിവരുന്ന ചെലവുകൾ നൽകി ഈ പദ്ധതിയുടെ വിജയത്തിനായി എല്ലാവരും സഹകരിക്കുക.

## വി.ബി.എസ്. 2022

രണ്ടുവർഷങ്ങൾക്കു ശേഷം ഇടവകയിൽ വി.ബി.എസ് നടത്തുന്നതിനായി ക്രമീകരണങ്ങൾ ചെയ്തുവരുന്നു. മെയ് മാസം 3, 4, 5, 6, 7 തീയതികളിൽ രാവിലെ മുതൽ വൈകീട്ടുവരെ ക്ലാസ്സുകൾ ക്രമീകരിക്കുന്നതാണ്. നമ്മുടെ കുഞ്ഞുങ്ങളേയും വി.ബി.എസിൽ താൽപര്യം ഉള്ള അയൽവാസികളുടെ കുഞ്ഞുങ്ങളേയും ഉൾപ്പെടുത്താൻ എല്ലാ സഭാമക്കളും സഹകരിക്കുക. സ്വമേധാ സേവകരായും അദ്ധ്യാപകരായും പ്രവർത്തിക്കുന്നതിന് എല്ലാ സഭാംഗങ്ങളും വന്നു സംബന്ധിക്കുകയും സഹകരിക്കുകയും ചെയ്യുക.

## ന്യൂസ് ലെറ്റർ

എല്ലാ മാസവും ക്രമമായി പുറത്തിറക്കുവാൻ ആഗ്രഹിക്കുന്ന ഇടവക ന്യൂസ് ലെറ്റർ സ്പോൺസർ ചെയ്യുന്നതിന് സാധിക്കും. താൽപര്യമുള്ളവർ അറിയിക്കുക.

അതുപോലെ പ്രത്യേക വിശേഷസന്ദർഭങ്ങളും ന്യൂസ് ലെറ്ററിൽ നിബന്ധനകൾക്ക് വിധേയമായി ചേർക്കാവുന്നതാണ്.

**കപ്യാർ യാത്രയയപ്പ്**

കഴിഞ്ഞ ചില വർഷങ്ങളായി ഇടവകയിൽ കപ്യാർ സേവനം ചെയ്തുവന്ന ശ്രീ. ജെയ്സൻ തോമസ് സജീവ സേവനത്തിൽ നിന്നും ഏപ്രിൽ മാസത്തിൽ പിരിഞ്ഞു. ശ്രീ. ജെയ്സൻ തോമസിൽ നിന്നും കുടുംബാംഗങ്ങളിൽ നിന്നും ഇടവക കുടുംബത്തിന് ലഭിച്ച എല്ലാ സേവനങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. തുടർജീവിതത്തിൽ ദൈവകൃപ പകരപ്പെടട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ശ്രീ. ജെയ്സൻ തോമസിന് മെയ് മാസം 15-ാം തിയ്യതി ആരാധനയ്ക്കു ശേഷം യാത്രയയപ്പ് നൽകുന്നു. ഇതിലേയ്ക്കായി സഭാമക്കളുടെ സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

---

## ജീവിതം ക്രിസ്തുവിനോടുകൂടെ

മർക്കോസ് : 16-15 മരിച്ച് അടക്കപ്പെട്ട ക്രിസ്തു ഉയിർത്തു എന്ന് അറിഞ്ഞ ശിഷ്യന്മാർ, ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുന്ന സമയം, യേശു അവിടെക്ക് കടന്നു വന്നു, അവരോട് പറഞ്ഞു ഞാൻ ഉയിർത്തെഴുന്നേറ്റു എന്നു അറിഞ്ഞീട്ടും എന്ന കണ്ടവരുടെ വാക്ക് വിശ്വസിക്കായ്കകൊണ്ട് അവരുടെ ഹൃദയത്തിന്റെ കാഠിന്യത്തെയും അവിശ്വാസത്തെയും യേശു ശാസിച്ചു. പിന്നെ യേശു ശിഷ്യന്മാരോട്, നിങ്ങൾ ഭൂലോകത്തിന്റെ അറ്റത്തോളം പോയി, എന്നെ കണ്ടത് സാക്ഷീകരിപ്പിൻ എന്നു പറഞ്ഞു. പോകുന്ന യാത്രയിൽ സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിച്ചും, അതിൽ വിശ്വസിക്കുന്നവരെ സ്നാനപ്പെടുത്തുകയും ചെയ്വിൻ എന്നു പറഞ്ഞു.

നമ്മൾ ഓർക്കേണ്ടത്, രണ്ടായിരം വർഷം മുമ്പ് പാപത്തിന്റെ അടിമത്വത്തിൽ കിടന്ന തന്റെ മക്കളെ രക്ഷിപ്പാൻ വേണ്ടിയാണ് മനുഷ്യസ്വരൂപം എടുത്ത് ഭൂമിയിൽ ജനിച്ചതും, സ്വർഗ്ഗത്തെയും ഭൂമിയേയും വരുവാനുള്ളതിനെയും വന്നതിനേയും മനസ്സിലാക്കിയ, ലോകരക്ഷകനാകുന്ന യേശുമശിഹായെ നമ്മൾ മനസ്സിലാക്കി ലോകചിന്ത വെടിഞ്ഞ്, കർത്താവിന്റെ മക്കളായ് നാം ഓരോരുത്തരും ആയിരിക്കേണ്ടതാവശ്യമാണ്. നാം ചിന്തിക്കുക നമ്മൾക്ക് വേണ്ടിയല്ലാ യേശു വന്നത് പിന്നെയോ എനിക്കുവേണ്ടിയാണ് വന്നതെന്ന് വായ്കൊണ്ട് ഏറ്റുപറഞ്ഞ് വിശ്വാസത്തോടെ ലോകത്തിലേക്ക് നോക്കാതെ ജീവിക്കണം അതാണ് ദൈവമക്കളുടെ കടമ. കടപ്പാട്. ഈ കൃപ നമ്മൾ നഷ്ടപ്പെടുത്തിയാൽ യെഹൂദന്മാർക്ക് വേണ്ടി വന്ന യേശു, ആ രക്ഷകനെ സ്വീകരിക്കാതെ വന്നപ്പോൾ ജാതീയമക്കളായവർക്ക് കൃപ കാണുവാനും യേശുവിന്റെ ത്യാഗത്തെപ്പറ്റി മനസ്സിലാക്കി യേശുവിനെ തങ്ങളുടെ ഭവനത്തിലേക്ക് നാട്ടിലേക്ക് ക്ഷണിച്ചു എങ്കിൽ നമ്മൾക്ക് കിട്ടേണ്ട അനുഗ്രഹം നഷ്ടമായിത്തീരും. അതുകൊണ്ട് നാം ഉണർന്ന് ക്രിസ്തുവിനോടുകൂടെ ജീവിപ്പാൻ ഒരുങ്ങുക. ദൈവമായ കർത്താവ് നമ്മെ അനുഗ്രഹിക്കും.

**ജോൺസൺ ഉപദേശി**

# PROGRAMME FOR MAY 2022

| | | |
|---|---|---|
| 01.05.2022<br>9.00 am<br>വി.സ. | ഉയിർപ്പിന് പിൻപ് രണ്ടാം ഞായർ<br>ഉയിർത്ത കർത്താവിനോടൊപ്പമുള്ള വചനത്തിന്റെ പുനർവായന<br>യുവജനസഖ്യ യോഗം 11.30 am | 2 ദിനവൃത്താന്തം 34 : 29 – 33<br>സങ്കീർത്തനങ്ങൾ 19:7 – 14<br>അപ്പൊ. പ്രവ. 8 : 26 – 40<br>ലൂക്കോസ് 24 : 13 – 27 |
| 08.05.2022<br>9.00 am | ഉയിർപ്പിന് പിൻപ് മൂന്നാം ഞായർ<br>ഉയിർത്തെഴുന്നേറ്റ കർത്താവ് നിയോഗിക്കുന്നു | യിരമ്യാവ് 9:1 – 10<br>സങ്കീർത്തനം : 47<br>1 തിമൊഥെയോസ് 4:6 – 16<br>യോഹന്നാൻ 20:19 – 23 |
| 15.04.2022<br>9.00 am<br>വി.സ.<br>ദശാംശ ഞായർ | ഉയിർപ്പിന് പിൻപ് നാലാം ഞായർ<br>സത്യം : ക്രിസ്തുവിൽ വിശ്വസിക്കുക.<br>സ്ത്രീജനസഖ്യം യോഗം 11.30 am | പുറപ്പാട് 34 : 1 – 9<br>സങ്കീർത്തനങ്ങൾ 119:89 – 96<br>എഫെസ്യർ 4 : 7 – 16<br>യോഹന്നാൻ 17 : 6 – 19 |
| 22.05.2022<br>9.00 am | ഉയിർപ്പിന് പിൻപ് അഞ്ചാം ഞായർ<br>ദൗത്യം : ക്രിസ്തുവിന്റെ ആത്മാവിനോടൊപ്പം | 2 രാജാക്കന്മാർ 2: 9 – 16<br>സങ്കീർത്തനങ്ങൾ 105 : 1 – 11<br>അപ്പൊ. പ്രവ. 7:54 – 60<br>മത്തായി 28:16 – 20 |
| 29.05.2022<br>9.00 am | ഉയിർപ്പിന് പിൻപ് ആറാം ഞായർ<br>പരിശുദ്ധാത്മാവേ നയിക്കുക | പുറപ്പാട് 36 :1 – 2<br>സങ്കീർത്തനങ്ങൾ 107:1 – 22<br>റോമർ 8:12 – 17<br>യോഹന്നാൻ 14:25 – 31 |
| 05.06.2022<br>9.00 am<br>വി.സ. | പെന്തെക്കോസ്ത് ഞായർ<br>പരിശുദ്ധാത്മാവേ,<br>വന്ന് ഞങ്ങളെ സ്വതന്ത്രരാക്കുക | യെശയ്യാവ് 61 : 1 – 1<br>സങ്കീർത്തനങ്ങൾ 107:31 – 43<br>അപ്പൊ. പ്രവ. 2 :1 – 13<br>ലൂക്കോസ് 4:16 – 21 |

*കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ ഇടവക പട്ടക്കാരൻ*

**CSI പാഴ്സനേജ്, കുന്നംകുളം**
**04885 227077, 8296547933**

**റവ. ഷിബുമോൻ സി.കെ.**
**Mob: 9744077022**